# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4524**

25.10.2016- ൽ മറുപടിയ്ക്ക്

## <u>സഹകരണ ബാങ്കുകളിലെ വായ്പാ പലിശ നിരക്ക്</u>

| **ചോദ്യം**<br>**ശ്രീ. പാറക്കൽ അബ്ദുല്ല** | **മറുപടി**<br>**ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പാ പലിശ നിരക്ക് കുറച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഈയിടെ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ;<br><br>ബി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പാ പലിശനിരക്ക് കുറച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച 19/2016 നമ്പർ സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| സി) ഈ ഉത്തരവ് സംസ്ഥാനത്തെ ഭൂരിപക്ഷം സഹകരണ ബാങ്കുകളും നടപ്പാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) ഇല്ല |
| ഡി) പുതിയ ഉത്തരവ് പ്രകാരം പരമാവധി പലിശ നിരക്ക് എത്രയാണ്; ഭവന-സ്വർണ്ണ പണയ വായ്പകൾക്കുള്ള പലിശ, മറ്റു വായ്പകൾക്കുള്ള പലിശ നിരക്ക് എത്രയാണ്; | (ഡി) 19/2016 നമ്പർ സർക്കുലർ പ്രകാരം വായ്പയ്ക്ക് ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് 13.50% ആണ്. ഭവന/സ്വർണ്ണ പണയവായ്പ, മറ്റ് വായ്പ എന്നിവയ്ക്കുള്ള പലിശനിരക്കുകൾ മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| ഇ) ഉത്തരവ് ഉണ്ടായിട്ടും പലിശ നിരക്ക് കുറയ്ക്കാത്ത ബാങ്കുകളുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ? | ഇ) ഉത്തരവ് ഉണ്ടായിട്ടും പലിശ നിരക്ക് കുറയ്ക്കാത്ത ബാങ്കുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

C.B(1)17965/16 Office of the Registrar of Co-operative Societies
Thiruvananthapuram, Dated: 16/06/2016

Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

## സർക്കുലർ നമ്പർ. 19/2016

വിഷയം:- സഹകരണവകുപ്പ്-സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിതരണം ചെയ്തുവരുന്ന കാർഷികേതര വായ്പകളുടേയും, കാർഷിക അനുബന്ധ വായ്പകളുടേയും പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 1/10/2015 ലെ 43/2015 നമ്പർ സർക്കുലർ
2) 15/6/2016-ൽ ചേർന്ന പലിശ നിർണ്ണയ ഉപസമിതി തീരുമാനം
3) 15/6/2016-ൽ ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം

സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണസംഘങ്ങളും/ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കും വിതരണം ചെയ്യുന്ന വിവിധ ഇനം കാർഷികേതര വായ്പകൾക്കും, കാർഷിക അനുബന്ധ വായ്പകൾക്കും ഈടാക്കുന്ന പലിശ നിരക്ക് സംബന്ധിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) (3) എന്നിവ പ്രകാരം പലിശ നിർണ്ണയ സമിതിയുടെയും സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെയും ശുപാർശ അംഗീകരിച്ച് വായ്പാ പലിശ നിരക്കിൽ താഴെ പറയും പ്രകാരം മാറ്റം വരുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും ജില്ലാ സഹകരണബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും, വിതരണം ചെയ്യുന്ന വിവിധ ഇനം കാർഷികേതര വായ്പകൾക്കും കാർഷിക അനുബന്ധ വായ്പകൾക്കും ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുളളത് | പുതുക്കിയത് | നിലവിലുളളത് | പുതുക്കിയത് | നിലവിലുളളത് | പുതുക്കിയത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | വിവാഹ വായ്പ | 1 ലക്ഷം രൂപ വരെ | 11.00 | 11.00 | 11.00 | 11.00 | 11.00 | 11.00 |
| | | 1 ലക്ഷം രൂപയ്ക്ക് മുകളിൽ | 12.00 | 12.00 | 12.00 | 12.00 | 12.00 | 12.00 |
| 2 | ചികിത്സാ വായ്പ | 1 ലക്ഷം രൂപ വരെ | 11.00 | 10.00 | 11.00 | 10.00 | 11.00 | 10.00 |
| 3. | വീട് മെയിന്റനൻസ് വായ്പ | 2 ലക്ഷം രൂപ വരെ | 12.00 | 10.50 | 12.00 | 10.50 | 12.00 | 11.00 |
| | | 2 ലക്ഷം രൂപയ്ക്ക് മുകളിൽ | 12.00 | 11.00 | 12.50 | 11.00 | 13.00 | 12.00 |
| 4. | കൺസ്യൂമർ വായ്പ | ---- | 13.00 | 12.00 | 13.50 | 12.50 | 14.00 | 13.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5. | വിദേശത്ത് ജോലിയ്ക്ക് പോകുന്നതിലേയ്ക്കുള്ള വായ്പ | -- | 12.00 | 12.00 | 12.50 | 12.50 | 13.00 | 13.00 |
| 6. | വാഹന വായ്പ | -- | 12.00 | 11.00 | 12.25 | 11.25 | 13.00 | 12.00 |
| 7. | ക്യാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ് | -- | 12.50 | 12.00 | 13.50 | 13.00 | 14.00 | 13.50 |
| 8 | ഭവന നിർമ്മാണ വായ്പ | 3 ലക്ഷം രൂപ വരെ | 11.50 | 9.50 | 12.00 | 10.00 | 12.50 | 11.00 |
| | | 3 ലക്ഷം രൂപയ്ക്ക് മുകളിൽ 5 ലക്ഷം വരെ | 11.75 | 9.50 | 12.50 | 10.00 | 13.00 | 11.50 |
| | | 5 ലക്ഷം രൂപയ്ക്ക് മുകളിൽ 10 ലക്ഷം വരെ | 11.75 | 10.00 | 12.50 | 10.00 | 13.25 | 12.00 |
| | | 10 ലക്ഷം രൂപയ്ക്ക് മുകളിൽ | 11.75 | 10.25 | 12.50 | 10.75 | 13.25 | 12.00 |
| 9. | പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിയിൽ മൂന്ന് സെന്റ് ഭൂമിവരെയുള്ളവർക്ക് വീട് വയ്ക്കുന്നതിനുള്ള വായ്പ | 1 ലക്ഷം രൂപ വരെ | 11.00 | 9.50 | 11.00 | 10.00 | 11.00 | 10.50 |
| | ഇ.എം.എസ് ഭവന പദ്ധതി വീട് വയ്ക്കുന്നതിന് | 1 ലക്ഷം രൂപ വരെ | 10.00 | 10.00 | 10.00 | 10.00 | 10.00 | 10.00 |
| 10 | മോർട്ട്ഗേജ്/ ഭൂസ്വത്ത് വാങ്ങാൻ സാധാരണ വായ്പ | | 13.00 | 12.50 | 13.50 | 13.00 | 14.00 | 13.50 |
| 11 | ബിസിനസ്സ്/ട്രേഡേഴ്സ് വായ്പ | -- | 13.00 | 12.50 | 13.50 | 13.00 | 14.00 | 13.50 |
| 12 | വ്യവസായ വായ്പ | --- | 13.00 | 13.00 | 13.00 | 13.00 | 13.50 | 13.50 |
| 13 | സ്വയം തൊഴിൽ വായ്പ | | 12.00 | 11.50 | 12.00 | 11.50 | 12.00 | 11.50 |
| 14 | കുടുംബശ്രീക്കുള്ള വിവിധ ഇനം വായ്പകൾ | --- | 9.00 | 9.00 | 9.00 | 9.00 | 9.00 | 9.00 |
| 15. | വിദ്യാഭ്യാസ വായ്പ | -- | 12.50 | 12.50 | 12.50 | 12.50 | 12.50 | 12.50 |
| 16 | സ്വർണ്ണപണയ വായ്പ | മൂന്ന് മാസം വരെ | 10.25 | 10.00 | 11.00 | 11.00 | 11.50 | 11.50 |
| | | 6മാസം വരെ | 10.50 | 10.25 | 11.00 | 11.00 | 11.50 | 11.50 |
| | | 6 മാസത്തിന് മുകളിൽ | 11.00 | 10.50 | 11.00 | 11.00 | 11.50 | 11.50 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 17 | ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള വായ്പ | 50,000 രൂപ വരെ | 12.00 | 12.00 | 12.00 | 12.00 | 12.00 | 12.00 |
| | | 50,000 രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെ | | | | | | |
| | | 1 ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെ | | | | | | |
| | | 3 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ | | | | | | |
| | | 5 ലക്ഷം രൂപയ്ക്ക് മുകളിൽ | 12.50 | 12.50 | 13.00 | 13.00 | 13.50 | 13.50 |
| 18. | വിദ്യഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ | സഹകരണ സ്ഥാപനങ്ങൾക്ക് | 11.00 | 11.00 | 11.00 | 11.00 | 11.00 | 11.00 |
| | | ഇതരസ്ഥാപനങ്ങൾക്ക് | 12.50 | 12.50 | 12.50 | 12.50 | 12.50 | 12.50 |
| | | കോ ഓപ്പറേറ്റീവ് അക്കാഡമിഫോർ പ്രൊഫഷണൽ എഡ്യുക്കേഷൻ | 11.00 | 11.00 | 11.00 | 11.00 | 11.00 | 11.00 |
| 19. | ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനുള്ള വായ്പ | | 12.50 | 12.50 | 13.00 | 13.00 | 13.50 | 13.50 |
| 20. | മംഗല്യസൂത്ര വായ്പ | | 5.00 | 5.00 | 5.00 | 5.00 | 5.00 | 5.00 |
| **കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള വായ്പ** | | | | | | | | |
| 21 | കോഴി/താറാവ് /മത്സ്യം വളർത്തുന്നതിനുള്ള വായ്പ | 1 ലക്ഷം രൂപ വരെ 300 ദിവസക്കാലാവധിക്ക് | 11.00 | 10.50 | 11.00 | 10.50 | 11.00 | 10.50 |
| 22. | ആട്/മാട് വളർത്തുന്നതിനുള്ള വായ്പ | 3 ലക്ഷം രൂപ വരെ 3 വർഷക്കാലാവധിക്ക് | 11.00 | 10.50 | 11.00 | 10.50 | 11.00 | 10.50 |

പട്ടികജാതി വിഭാഗത്തിലുള്ളവരും, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരും, ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരും സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുക്കുന്ന 50,000/- രൂപ വരെയുള്ള എല്ലാതരം കാർഷികകേതര വായ്പകൾക്കും, കാർഷിക അനുബന്ധ വായ്പകൾക്കും മേൽ പലിശ നിരക്കിൽ നിന്നും 1% നിരക്കിൽ പലിശ കുറച്ച് ഈടാക്കേണ്ടതാണ്.

ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് വായ്പ നൽകുന്നതിന് ടി സ്ഥാപനങ്ങളുടെ നിക്ഷേപം ബന്ധപ്പെട്ട സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ആയിരിക്കേണ്ടതാണ്. ഓരോ സഹകരണസംഘവും/ബാങ്കും അവരുടെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വായ്പാപരിധി ക്രമങ്ങൾ പാലിയ്ക്കേണ്ടതാണ്.

മേൽ പലിശ നിരക്കിൽ അധികരിച്ച നിരക്കിൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. പുതുക്കിയ നിരക്കുകൾക്ക് സർക്കുലർ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്
**എസ്സ്.ലളിതാംബിക.ഐ.എ.എസ്സ്**
സഹകരണസംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
4. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണബാങ്കുകളും
6. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
7. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
10. എല്ലാ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ടാർ (ജനറൽ) മുഖേന)
11. സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
12. എഡിറ്റർ, സഹകരണവീഥി
13. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
14. സ്റ്റോക്ക് ഫയൽ
15. പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ വഴി പ്രസിദ്ധീകരണത്തിന് (ആമുഖ കത്ത് സഹിതം)
16. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)

**സെക്ഷൻ ഓഫീസർ**